## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5216

27/07/2015 ൽ മറുപടിയ്ക്ക്

### വൈത്തിരി താലൂക്കിലെ കർഷകരുടെ ഭൂമിക്ക് നികുതി സ്വീകരിക്കാത്ത നടപടി

ചോദ്യം
ശ്രീ.എം.വി.ശ്രേയാംസ് കുമാർ

മറുപടി
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) വൈത്തിരി താലൂക്കിലെ കർഷകരുടെ ഭൂമിക്ക് നികുതി സ്വീകരിക്കാത്തതു സംബന്ധിച്ച് 19.03.2013-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | എ) വൈത്തിരി താലൂക്കിലെ കർഷകരുടെ ഭൂമിക്ക് നികുതി സ്വീകരിക്കാത്തതു സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി 19.06.2013-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിട്ടുണ്ട്. |
| ബി) പ്രസ്തുത യോഗതീരുമാനപ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;<br>സി) ഭൂമിക്ക് നികുതി സ്വീകരിക്കുവാൻ തഹസിൽദാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | ബി) യും സി) യും 19/6/2013 ലെ യോഗ തീരുമാന പ്രകാരം, 1/1/1977 ന് മുമ്പ് വനഭൂമി കൈയ്യേറി കൃഷി ചെയ്ത് കൈവശപ്പെടുത്തിയ കൈവശക്കാർ നിലവിലെ സംയുക്ത പരിശോധന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ റവന്യൂ, സർവ്വെ, വനം എന്നീ വകുപ്പുകൾ കൂടി സംയുക്ത പരിശോധന നടത്താനും അർഹരായവർക്ക് കൈവശ രേഖ നൽകുവാനും, 2000 വരെ വർഷത്തിൽ കരം ഒടുക്കുകയും പിന്നീട് കരം സ്വീകരിക്കാത്തതുമായ കൈവശക്കാരുടെ കരം സ്വീകരിക്കാനുള്ള നടപടികൾ സ്വീകരിയ്ക്കുവാനും നിർദ്ദേശിച്ചതു പ്രകാരം കളക്ടറേറ്റിൽ വച്ച് വനം വകുപ്പ് അധികൃതരെ ഉൾപ്പെടുത്തി മീറ്റിംഗ് കൂടുകയും ബന്ധപ്പെട്ടവർക്ക് മേൽ നിർദ്ദേശം ജില്ലാ കളക്ടർ നൽകുകയും ചെയ്തിട്ടുണ്ട്. ഈ കാര്യത്തിൽ സംയുക്ത പരിശോധന തുടർന്നു വരുന്നു. ഇതിനായി രണ്ട് സ്പെഷ്യൽ ഓഫീസുകൾ വയനാട് ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. സംയുക്ത പരിശോധന പൂർത്തിയാക്കി, രേഖകളിൽ മാറ്റം വരുത്തി കൈവശ കർഷകരിൽ നിന്നും ഭൂനികുതി സ്വീകരിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുന്നുണ്ട് |

സെക്ഷൻ ഓഫീസർ